Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്--കോഴിക്കോട് നഗരസഭ-- കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്കിന് കെട്ടിട നിർമ്മാണാനുമതി-- നൽകുവാൻ നിർദ്ദേശം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്

സ.ഉ.(സാധാ) നം355/2012/ തസ്വഭവ തീയതി , തിരുവനന്തപുരം 04.02.2012

---

പരാമർശം:- 1) 22.6.2011. 16.12. 2011 എന്നീ തീയതികളിലെ കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി സമർപ്പിച്ച നിവേദനങ്ങൾ

2) 8.07.2010-ലെ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ റ്റി പി6/78511/09 എന്ന നമ്പർ ഉത്തരവ്

3)17.08.11-ലെ കോഴിക്കോട് റീജിയണൽ ജോയിൻറ് ഡയറക്ടറുടെ സി -2665/2011 നമ്പർ കത്ത്

4) 18.10.11-ലെ സർക്കാർ കത്ത് നമ്പർ 34886/ആർ ബി3/11//തസ്വഭവ

## ഉത്തരവ്

പരാമർശം ഒന്ന് പ്രകാരമുള്ള കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്കിൻെറ സെക്രട്ടറിയുടെ നിവേദനത്തിൽ 6.11.2009-ൽ സമർപ്പിച്ച കെട്ടിട നിർമ്മാണ അനുമതിയ്ക്കായുള്ള അപേക്ഷയിൽ യഥാസമയം തീരുമാനം എടുക്കാതെ പ്രസ്തുത അപേക്ഷ കോഴിക്കോട് കോർപ്പറേഷൻ അധികൃതർ നിരസിച്ചതായി സർക്കാരിൽ പരാതി നൽകുകയുണ്ടായി.

പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന കാര്യങ്ങൾ വ്യക്തമായി .

കോഴിക്കോട് നഗരസഭയിലെ കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്ക് നിർമ്മാണം പൂർത്തിയാക്കിയ മൂന്ന് നിലകൾക്കു മുകളിൽ 11 നിലകളുടെ നിർമ്മാണാനുമതിയ്ക്കായി ബാങ്ക് സമർപ്പിച്ച അപേക്ഷ 6.11.2009-ന് കോഴിക്കോട്

കോർപ്പറേഷൻ സ്വീകരിച്ചിരുന്നു 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 390-ാം വകുപ്പു പ്രകാരം ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ സമർപ്പിച്ചാൽ 30 ദിവസങ്ങൾക്കുള്ളിൽ നഗരസഭാ സെക്രട്ടറി അനുവാദം നൽകുകയോ നിരസിക്കുന്നതിന് നിർദ്ദേശം നൽകുകയോ ചെയ്യേണ്ടതാണ് എന്ന വ്യവസ്ഥ നിലനിൽക്കുമ്പോൾ നഗരസഭാ സെക്രട്ടറി 6.12.2009- ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതികളുടെ കാരണം പറഞ്ഞ് 6.11.2009- ന് ബാങ്ക് നൽകിയ അപേക്ഷ, സമർപ്പിച്ച് 7 മാസങ്ങൾക്കു ശേഷം 08.07.2010-നാണ് നിരസിച്ചത്.

2) നഗരസഭാ സെക്രട്ടറി അപേക്ഷയിലെ അപാകതകൾ യഥാസമയം അപേക്ഷകനെ അറിയിക്കുകയോ അപേക്ഷ യഥാസമയം നിരസിക്കുകയോ ചെയ്തില്ല. എന്നാൽ ബാങ്കിൻെറ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിൻെറ ഫയർ ആൻറ് റസ്ക്യു സർവ്വീസിൻെറ എൻ ഒ സി യ്ക്കായി ബാങ്ക് 26103 രൂപ ഫീസ് ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്. കോർപ്പറേഷൻ നോട്ടീസ് നൽകിയതിൻെറ അടിസ്ഥാനത്തിൽ 1,80,000 രൂപ ഫീസ് അടച്ച് ബാങ്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും എൻ ഒ സി വാങ്ങുകയും ചെയ്തു. 29021/2010 -ാം നമ്പർ റിട്ട് പെറ്റീഷനിലെ 3.11.2011-ലെ വിധിയിൽ പെർമിറ്റിനായുള്ള അപേക്ഷകൾ നിയമ പ്രകാരമുള്ള സമയത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കാത്ത പക്ഷം പ്രസ്തുത നിയമങ്ങളിൽ ഭേദഗതി വന്നാൽപ്പോലും പെർമിറ്റിനായുള്ള അപേക്ഷ നൽകിയപ്പോഴുള്ള നിയമമാണ് ബാധകമാക്കേണ്ടത് എന്ന് ഉത്തരവായിട്ടുണ്ട്.

3) മേൽപ്പറഞ്ഞ വസ്തുതകളുടെയും കോടതി വിധിയുടെയും പരാമർശം (3) പ്രകാരമുള്ള കോഴിക്കോട് റീജിയണൽ ജോയിൻറ് ഡയറക്ടറുടെ റിപ്പോർട്ടിൻെറയും വെളിച്ചത്തിൽ സർക്കാർ പരാമർശം ഒന്നു പ്രകാരമുള്ള പരാതികൾ വിശദമായി പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ,അപേക്ഷ സമർപ്പിച്ച സമയത്ത് നിലവിലുണ്ടായിരുന്ന 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പെർമിറ്റ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്ക് കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ച അപേക്ഷ

പരിശോധിച്ച് അനുമതി നൽകുവാൻ കോഴിക്കോട് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം,**
**രാജേഷ് കുമാർ സിംഗ്**
**സെക്രട്ടറി**

1) സെക്രട്ടറി , കോഴിക്കോട് നഗരസഭ
2) പ്രസിഡൻറ് , കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്ക്
3) മുഖ്യ നഗരാസൂത്രകൻ ,തിരുവനന്തപുരം
4) റീജിയണൽ ടൗൺ പ്ലാനർ , കോഴിക്കോട്
5) ജില്ലാ നഗരാസൂത്രകൻ, കോഴിക്കോട്.
6) നിയമ വകുപ്പ് (vide UO No. 1836/D3/2012/Law dated 28.01.2012)
7) ഓഫീസ് പകർപ്പ്/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ